# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
## ഹോർട്ടികൾച്ചർ കോളേജ്,വെള്ളാനിക്കര

### കാർഷിക നിർദ്ദേശക ബുള്ളറ്റിൻ

### എറണാകുളം

**E mail: kauagmet@yahoo.co.in, cohagmet@kau.in**

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 01.11.2017 | 02.11.2017 | 03.11.2017 | 04.11.2017 | 05.11.2017 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 20 | 20 | 22 | 12 | 18 |
| ഉയർന്ന താപനില (°C ) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C ) | 24 | 24 | 24 | 24 | 24 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 8 | 7 | 8 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 12 | 12 | 12 | 12 | 12 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 270 | 270 | 290 | 70 | 70 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/ രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (ജ്യോതി, കാഞ്ചന) | ഓലചുരുട്ടിപ്പുഴു, തണ്ടുതുരപ്പൻ പുഴു | മുണ്ടകൻ കൃഷി ആരംഭിച്ച നെൽപ്പാടങ്ങളിൽ ഈ പ്രത്യേക കാലാവസ്ഥയിൽ ഓലചുരുട്ടിപ്പുഴുവിന്റെയും തണ്ടുതുരപ്പൻ പുഴുവിന്റെയും ആക്രമണം കാണാനിടയുണ്ട്. ഇതിനെതിരായി ഫ്ളുബെൻഡയാമിഡ് (ഫെയിം) 2 മില്ലി 10 ലിറ്റർ വെള്ളത്തിൽ നന്നായി കലക്കി ചേർത്ത് തളിക്കുക. |
| | പുള്ളികുത്ത് രോഗം, ബ്ലാസ്റ്റ് രോഗം | പുള്ളികുത്ത് രോഗം, ബ്ലാസ്റ്റ് രോഗം എന്നിവക്കെതിരായി നേറ്റിവൊ 4 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ നന്നായി കലക്കി ചേർത്ത് തളിക്കുക. |
| വാഴ | ഇലത്തീനിപ്പുഴു | വാഴയിൽ ഇലത്തീനിപ്പുഴുവിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. പുഴുവിന്റെ ആക്രമണം ബാധിച്ച വാഴയുടെ ഇലകൾ പുഴുവിനോട് കൂടി തന്നെ നശിപ്പിച്ച് കളയുക. ആക്രമണം അധികമായാൽ 2 മില്ലി ഫ്ളുബെന്റാമിഡ് (ഫെയിം) 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| പച്ചക്കറികൾ | ചൂർണ്ണ പൂപ്പ് രോഗം | പച്ചക്കറികളിൽ ചൂർണ്ണ പൂപ്പ് രോഗം കാണുകയാണെങ്കിൽ ട്രൈക്കോഡർമ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഇലയുടെ ഇരുവശത്തും നന്നായി കലക്കി തളിക്കുക. രോഗം രൂക്ഷമാകുകയാണെങ്കിൽ, വെള്ളരിവർഗ്ഗ പച്ചക്കറികളിൽ ടെബുകോണസോൾ 1.5 മി.ലി ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ ബാവിസ്റ്റിൻ 1 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ നന്നായി കലക്കി തളിക്കുക. വെള്ളരി വർഗ്ഗങ്ങൾ ഒഴികെയുള്ള പച്ചക്കറികളിൽ വെറ്റബിൾ സൾഫർ 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ നന്നായി കലക്കി തളിക്കുക. |
| മൃഗസംരക്ഷണം | കന്നുകാലികൾക്ക് ശ്വാസതടസമോ, പനിയോ, മുടന്തലോ ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തിരമായി വൈദ്യസഹായം തേടുക. തൊഴുത്തിലും ചുറ്റുപാടും കൊതുകുകളും എലികളും പെറ്റുപെരുകുന്നത് തടയുക. (CAADECS, KVASU, Mannuthy) | |